- ജീവപര്യന്തം തടവുശിക്ഷയോ, 10 വർഷത്തെ തടവോ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെയാണ് രക്ഷപ്പെടുത്തുന്നതെങ്കിൽ മൂന്നുവർഷം തടവും പിഴയും ലഭിച്ചേക്കാം.

- ഒരു വർഷത്തിനും 10 വർഷത്തിനുമിടയിൽ തടവുശിക്ഷ ലഭിച്ചേക്കാവുന്ന കുറ്റകൃത്യംചെയ്ത പ്രതികളെ രക്ഷിക്കുകയാണെങ്കിൽ ആയതിന് ലഭിക്കാവുന്ന പരമാവധി ശിക്ഷാകാലാവധിയുടെ നാലിലൊന്ന് ഭാഗം ശിക്ഷാതടവും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ Criminal Law Amendment Act 2013 പ്രകാരം ഇത്തരം കേസ്സുകളിൽ കർശന നടപടികൾ നിർദ്ദേശിച്ചിട്ടുണ്ട്.

പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ

24 (*324) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തൊഴിലന്വേഷകർക്ക് എത്രയും വേഗം ജോലി നല്കുന്നതിനുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

പി.എസ്.സി.-യുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് One Time Registration സംവിധാനം ഏർപ്പെടുത്തി. പി.എസ്.സി.യുടെ പരീക്ഷാ രീതികൾ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ പരീക്ഷാ സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പരീക്ഷ മുഖേന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സാധിക്കുമെന്നുമാത്രമല്ല ഭീമമായ പരീക്ഷാ ചെലവ് ഗണ്യമായി കുറയ്ക്കാനും കഴിയും. ഇതിനായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം ജില്ലകളിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പരീക്ഷാ കേന്ദ്രനിർമ്മാണം പുരോഗമിച്ചുവരുന്നു.

ജനമൈത്രി പോലീസ്

25 (*325) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജനമൈത്രി പോലീസ് സംവിധാനം ആരംഭിച്ചത് എന്നു മുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly